# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 5915** — **04.11.2016 ൽ മറുപടിക്ക്**

### കമ്പ്യൂട്ടർ അധ്യാപകരുടെ കരാർ നിയമനം

| ചോദ്യം<br>ശ്രീ. പി.കെ.ബഷീർ | ഉത്തരം<br>പ്രൊഫ: സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| എ) ഐ.ടി.പഠനത്തിന്റെ ഭാഗമായി സർക്കാർ -എയ്ഡഡ് സ്കൂളുകളിൽ കുട്ടികളെ കമ്പ്യൂട്ടർ പഠിപ്പിക്കുന്നതിന് പുറത്തുനിന്നും അധ്യാപകരെ കരാറടിസ്ഥാനത്തിലോ അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിലോ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | എ) ഐ.റ്റി.അറ്റ് സ്കൂൾ ആരംഭിച്ച കാലത്ത് ഹൈസ്കൂൾ ക്ലാസുകളിൽ ഐ.ടി പഠിപ്പിക്കുന്നതിന് നിലവിലുള്ള അദ്ധ്യാപകരെ സഹായിക്കുവാൻ പി.ടി.എ.യുടെ സഹായത്തോടെ ഇൻസ്ട്രക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തിയിരുന്നു. |
| ബി) നിലവിൽ സെക്കൻഡറി തലം വരെ ഏതെല്ലാം തലത്തിൽ കമ്പ്യൂട്ടർ പഠിപ്പിക്കുന്നു എന്ന് വിശദമാക്കുമോ; | ബി) എട്ട്,ഒൻപത്, പത്ത് ക്ലാസുകളിൽ വിവര വിനിമയ സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരിശീലിപ്പിക്കുന്നുണ്ട്. |
| സി) പുറത്തുനിന്നും നിയമിക്കപ്പെട്ട ഇത്തരം അധ്യാപകരെ അടിയന്തിരമായി പിരിച്ചുവിടണമെന്നും ഇല്ലെങ്കിൽ പ്രസ്തുത സ്കൂളുകളുടെ മാനേജർമാർക്കെതിരെയും പ്രധാന അധ്യാപകർക്കെതിരെയും നടപടി സ്വീകരിക്കുമെന്ന തരത്തിൽ പൊതുവിദ്യാഭ്യാസഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | സി) സർക്കുലർ പുറപ്പെടുവിച്ചിട്ടില്ല.എന്നാൽ 25/06/15 ലെ ജി.ഒ (ആർ.റ്റി) നമ്പർ 2553/15/പൊ.വി.വ.പ്രകാരം കമ്പ്യൂട്ടർ അദ്ധ്യാപകരുടെ സേവനം ആവശ്യമില്ലാത്തതിനാൽ ഇവരെ തുടരുന്നതിന് അനുമതി നൽകുന്ന പ്രധാനദ്ധ്യാപകർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് ഡയറക്ടർ കത്ത് നൽകിയിട്ടുണ്ട്. |
| ഡി) നിലവിൽ അപ്പർ പ്രൈമറി തലം വരെ കമ്പ്യൂട്ടർ പഠിപ്പിക്കുന്നതിന് കുട്ടികളിൽ നിന്നും വാങ്ങുന്ന തുച്ഛമായ ഫീസ് മാത്രമാണ് ശമ്പളമായി നൽകുന്നതെന്നിരിക്കേ അവർ തുടങ്ങുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോയെന്ന് വിശദമാക്കുമോ? | ഡി) സേവന വേതന വ്യവസ്ഥകൾ ക്രമീകരിച്ച് കമ്പ്യൂട്ടർ അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുന്നത് സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാകുന്ന വിഷയം ആകുന്നു. വിഷയാദ്ധ്യാപകരാണ് ICT പാഠഭാഗങ്ങളുടെ വിനിമയം ഇപ്പോൾ നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ